## പ്രധാനവാർത്തകൾ

1). രാഷ്ട്രത്തിൻറെ വികസനയാത്രയിൽ യുവജന പങ്കാളിത്തം അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; റോസ്ഗാർ മേളയിലൂടെ കേന്ദ്ര സർക്കാർ നിയമനം ലഭിച്ച 71,000-ലധികം പേരെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

2). രാജ്യത്തെ യുവാക്കൾക്ക് സുരക്ഷിത ഭാവി ഉറപ്പാക്കാനുള്ള സുപ്രധാന ചുവടുവെയ്പ്പാണ് റോസ്ഗാർ മേളയെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

3). കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാൽ ലക്ഷദ്വീപ് സന്ദർശിച്ചു; കൊച്ചിയിൽ നടക്കുന്ന മെട്രോ റെയിൽ, വാട്ടർ മെട്രോ അവലോകന യോഗങ്ങളിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

4.) സംസ്ഥാനത്തെ വന നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

5.) മണ്ഡല പൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കിയുമായുള്ള രഥഘോഷയാത്രയ്ക്ക് ഊഷ്മള സ്വീകരണം.

RNU TVPM

==============================================================

**പ്രധാനമന്ത്രി-റോസ്ഗാർ മേള**

2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ സാധിക്കുമെന്നതിൽ പൂർണ്ണ വിശ്വാസമുണ്ടെന്ന് പ്രധാനമന്ത്രി ന രേന്ദ്ര മോദി. രാഷ്ട്രത്തിൻറെ വികസനയാത്രയിൽ യുവജന പങ്കാളിത്തം അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. വിവിധ കേന്ദ്ര വകുപ്പുകളിൽ പുതുതായി നിയമനം ലഭിച്ച 71,000-ലധികം പേർക്ക് നിയമന പത്രം കൈമാറുന്ന റോസ്ഗാർ മേളയെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ 45 ഇടങ്ങളിലാണ് ഇന്ന് റോസ്ഗർ മേള നടന്നത്.

==============================================================

**സുരേഷ് ഗോപി റോസ്ഗർ മേള- (ഇൻട്രോ)**

ഇന്ത്യയുടെ മുന്നോട്ടുള്ള യാത്രയിലെ സുപ്രധാന ഘടകം യുവത്വമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. രാജ്യത്തെ യുവാക്കൾക്ക് സുരക്ഷിത ഭാവി ഉറപ്പാക്കാനുള്ള സുപ്രധാന ചുവുടുവെയ്യ്പാണ് റോസ്ഗർ മേളയെന്നും അദ്ദേഹം പറഞ്ഞു. റോസ്ഗർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെ ഹൃദയവും ആത്മാവും യുവത്വമാണെന്നും ശ്രീ സുരേഷ് ഗോപി അഭിപ്രായപ്പെട്ടു.

( വോയിസ്......)

==============================================================

**മനോഹർലാൽ -സന്ദർശനം**

ലക്ഷദ്വീപ് സന്ദർശനത്തിൻറെ ഭാഗമായി കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാൽ അഗത്തി ദ്വീപിലെത്തി. ഊർജ പദ്ധതികളുമായി ബന്ധപ്പെട്ട് കവരത്തിയിൽ നടക്കുന്ന പ്രത്യേക

RNU TVM

അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. ഉച്ചയ്ക്ക് ശേഷം കൊച്ചിയിൽ മെട്രോ റെയിൽ, വാട്ടർ മെട്രോ എന്നിവയുടെ അവലോകന യോഗങ്ങളിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

==========================================================

**എ.കെ ശശീന്ദ്രൻ**

സംസ്ഥാനത്തെ വന നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വിഷയത്തിൽ സർക്കാരിന് മുൻവിധി ഇല്ലെന്നും ഇപ്പോഴുള്ളത് അനാവശ്യ വിവാദമാണെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു.

==========================================================

**വി.എൻ വാസവൻ**

ഇടുക്കി കട്ടപ്പനയിൽ ജീവനൊടുക്കിയ വ്യാപാരി സാബുവിൻറെ കുടുംബത്തിന് പണം ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മന്ത്രി വി എൻ വാസവൻ. മറ്റ് നടപടികൾ പൊലീസിൻറെ ഭാഗത്ത് നിന്ന് ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. ബാങ്ക് ജീവനക്കാർ ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

RNU TVPM

==========================================================

**ശബരിമല**

മണ്ഡല പൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കി വഹിച്ചു കൊണ്ടുള്ള രഥഘോഷയാത്രയ്ക്ക് പത്തനംതിട്ട ടൗണിൽ സ്വീകരണം നൽകി. ഇന്നലെ രാവിലെ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നാണ് ശബരിമല സന്നിധാനത്തേക്കുള്ള യാത്ര ആരംഭിച്ചത്. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

**( വോയിസ്..... )**

==========================================================

**മണ്ഡലപൂജ**

ശബരിമല സന്നിധാനത്ത് വൻ ഭക്തജനത്തിരക്ക്. ഇന്ന് രാവിലെ നട തുറന്നത് മുതൽ 11 മണി വരെയുള്ള കണക്കുകൾ പ്രകാരം 45,475 തീർഥാടകർ ദർശനം നടത്തി. മണ്ഡലപൂജയ്ക്ക് മുന്നോടിയായി ദേവസ്വം ജീവനക്കാരുടെ കർപ്പൂരദീപ ഘോഷയാത്ര ഇന്ന് നടക്കും. കൊടിമരച്ചുവട്ടിൽ നിന്നാരംഭിക്കുന്ന ഘോഷയാത്ര ഫ്ളൈ ഓവറിലൂടെ മാളികപ്പുറം ക്ഷേത്രസന്നിധിയിലെത്തി വാവരുനട വഴി പതിനെട്ടാം പടിക്ക് സമീപമാണ് അവസാനിക്കുക.

---

**സ്മാർട്ട് അങ്കണവാടി**

വനിത ശിശുവികസന വകുപ്പിന് കീഴിലെ സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച കണ്ണൂർ- മട്ടന്നൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സംസ്ഥാനത്താകെ 30 സ്മാർട്ട് അങ്കണവാടികളാണ് ഉദ്ഘാടനം ചെയ്യുന്നത്. വിശാലമായ ശിശുസൗഹൃദ ക്ലാസ് റൂം, ശുചിമുറികൾ, സുരക്ഷിത ഫൈബർ ഫ്ളോറിംഗ്, കളിപ്പാട്ടങ്ങൾ എന്നിവയാണ് സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുള്ളത്. ചടങ്ങിൽ മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും.

RNUTVPM

---

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

---

**ദേശീയ കർഷക ദിനം**

രാഷ്ട്ര വികസനത്തിനും വളർച്ചയ്ക്കും നിർണായക സംഭാവനകൾ നൽകുന്ന കർഷകരോടുള്ള ആദരസൂചകമായി രാജ്യം ഇന്ന് ദേശീയ കർഷക ദിനം ആചരിക്കുന്നു. മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിൻറെ ജന്മവാർഷികമാണ് ദേശീയ കർഷക ദിനമായി ആചരിക്കുന്നത്. ചൗധരി ചരൺ സിങ്ങിൻറെ 122-ാാം ജന്മ വാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ കിസാൻ

ഘട്ടിൽ പുഷ്പ ചക്രം അർപ്പിച്ചു. ദരിദ്രരുടെയും കർഷകരുടെയും അഭ്യുദയകാംക്ഷിയായിരുന്ന ഭാരതരത്ന ചൗധരി ചരൺ സിംഗിന്റെ അർപ്പണ മനോഭാവവും സേവനവും എല്ലാവർക്കും പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

================================================================

**പ്രധാനമന്ത്രി - ക്രിസ്മസ്**

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയവരുമായി അദ്ദേഹം ആശയവിനിമയം നടത്തും.

================================================================

**മാനാഞ്ചിറ ദീപാലങ്കാരം- (ഇൻട്രോ)**

ക്രിസ്തുമസിന് രണ്ടു ദിവസം ശേഷിക്കെ സംസ്ഥാനത്ത് വിപണികൾ സജീവം. ക്രിസ്തുമസ് - പുതുവസരാഘോഷത്തിന് മാറ്റു കൂട്ടാൻ നഗരങ്ങളും ഗ്രാമങ്ങളും ദീപാലംകൃതമായി കഴിഞ്ഞു. കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിൽ വിവിധ രൂപങ്ങളിൽ ഒരുക്കിയ അലങ്കാര ദീപങ്ങൾ പൊതുജനങ്ങൾക്ക് കൗതുകമായി. മന്ത്രി പി എ മുഹമ്മദ് റിയാസാണ് കഴിഞ്ഞ ദിവസം ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ കർമം നിർവഹിച്ചത്. കൂടുതൽ വിവരങ്ങളുമായി കോഴിക്കോട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു.....

**(വോയിസ്....)**

RNUTVPM

================================================================

**ഐ.എസ്.എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ

മുഹമ്മദൻ എസ് സി ക്കെതിരെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് കേരള ബ്ലാസ്റ്റേഴ്സ് വിജയിച്ചു.

================================================================

**പി പ്രസാദ്**

പ്രാദേശിക ജനതയുടെ ഉന്നമനത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ ഇടപെടലുകൾ നടത്താനാവുമെന്ന് മന്ത്രി പി പ്രസാദ്. ആലപ്പുഴ ജില്ലാ പഞ്ചായത്തിൻറെ 'സ്പോർട്സ്സാണ് ലഹരി' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കനോയിംഗ്-കയാക്കിംഗ് പരിശീലനത്തിനായി വാങ്ങിയ ബോട്ടുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

================================================================

**മാസ്സ് ക്ലീനിംഗ് ഡ്രൈവ്.**

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് മുന്നോടിയായി ചാലിയം, ബേപ്പൂർ ബീച്ചുകൾ ശുചീകരിച്ച് മാലിന്യ മുക്തമാക്കും. ഇന്ന് ചാലിയത്തും നാളെ ബേപ്പൂരിലുമാണ് മാസ്സ് ക്ലീൻ ഡ്രൈവ്. ഈ മാസം 27 മുതൽ 29 വരെയാണ് ബേപ്പൂർ വാട്ടർ ഫെസ്റ്റ് നടക്കുന്നത്.

RNU TVPM

================================================================

**വയനാട് - (ഇൻട്രോ)**

വയനാട് പാക്കം- കുറുവ ഇക്കോ ടൂറിസം കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിച്ച് ചങ്ങാട സവാരി. ചങ്ങാട സവാരി പ്രദേശത്തെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവേകാൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

**വിശദാംശങ്ങളുമായി വയനാട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്**

**(ഹോൾഡ് വോയ്സ്.........)**

================================================================

**സമയം ദീർഘിപ്പിച്ചു**

ശബരിമല തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ മുക്കുഴി, അഴുതക്കടവ് കാനനപാതയിലെ സഞ്ചാരസമയം ഒരു മണിക്കൂർ ദീർഘിപ്പിച്ച് ഇടുക്കി ജില്ലാ കളക്ടർ. അഴുതക്കടവിലെ പ്രവേശന സമയം രാവിലെ 7 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെയും, മുക്കുഴിയിലെ പ്രവേശന സമയം രാവിലെ 7 മുതൽ വൈകീട്ട് 4 വരെയും ആയിരിക്കും. അതേസമയം സത്രത്തിലെ പ്രവേശന സമയം രാവിലെ 7 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെയെന്നുള്ളത് തുടരും.

==============================================================

**ഓഹരി+ സ്വർണ്ണം**

രാജ്യത്തെ  ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 486 പോയിൻറ് ഉയർന്ന് 78,528-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 170 പോയിൻറ് നേട്ടത്തിൽ 23,757-ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. സ്വർണം ഗ്രാമിന് 7,100 രൂപയും പവന് 56,800 രൂപയുമാണ് ഇന്നത്തെ വില.

==============================================================

**എ.കെ. ശശീന്ദ്രൻ-സൈനികൻ**

കോഴിക്കോട് എരഞ്ഞിക്കൽ സ്വദേശിയായ സൈനികൻ വിഷ്ണുവിനെ  കാണാതായ  സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് നിർദ്ദേശം നൽകിയതായി മന്ത്രി എ.കെ.ശശീന്ദ്രൻ. സൈന്യത്തിൻ്റെ സഹായവും ഇക്കാര്യത്തിൽ തേടിയതായി മന്ത്രി അറിയിച്ചു. പൂണെയിലെ ആർമി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അവധിയെടുത്ത് നാട്ടിലേക്ക് പുറപ്പെട്ട വിഷ്ണുവിനെ കഴിഞ്ഞ ബുധനാഴ്ച മുതലാണ് കാണാതായത്.

==============================================================

==============================================================

==============================================================

RNUTVPM